# കേരള സർവകലാശാല

നം.പി.ആർ.234/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

### പുതുക്കിയ പരീക്ഷാതീയതി

കേരള സർവകലാശാല ഡിസംബർ ആറിന് നടത്താനിരുന്ന അഞ്ചാം സെമസ്റ്റർ ബി.ടെക് (2013 സ്കീം - ഇംപ്രൂവ്മെന്റ് & സപ്ലിമെന്ററി), മൂന്നാം സെമസ്റ്റർ ബിടെക് (2013 സ്കീം - പാർട്ട് ടൈം റീസ്ട്രക്ച്ചേർഡ് - ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി), രണ്ടാം സെമസ്റ്റർ ബി.എ/ബി.എസ്‌സി/ബി.കോം (സി.ബി.സി.എസ്.എസ് - 2013-ന് മുമ്പുള്ള അഡ്മിഷൻ), രണ്ടാം സെമസ്റ്റർ ബി.എ/ബി.എസ്‌സി/ബി.കോം/ബി.ബി.എ/ബി.സി.എ (കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് - 2013-ന് മുമ്പുള്ള അഡ്മിഷൻ), മൂന്നാം സെമസ്റ്റർ ബി.പി.എഡ് എന്നീ പരീക്ഷകൾ ഡിസംബർ 14-ന് നടത്തും. പരീക്ഷാകേന്ദ്രങ്ങൾക്ക് മാറ്റമില്ല.

### എം.എച്ച്.ആർ.എം പരീക്ഷാകേന്ദ്രം

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം ഡിസംബർ 14-ന് തുടങ്ങുന്ന എം.എച്ച്.ആർ.എം പരിക്ഷയുടെ കേന്ദ്രം തിരുവനന്തപുരം ഗവ. സംസ്കൃത കോളേജ് ആയിരിക്കും.

(കേരളത്തിലെ എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

### എം.എസ്.ഡബ്ലിയു : ഒന്നാം റാങ്ക് വിദ്യയ്ക്ക്

കേരള സർവകലാശാല ജൂലൈയിൽ നടത്തിയ എം.എസ്.ഡബ്ലിയു (2014-16 ബാച്ച് - സി.എസ്.എസ്) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. വിദ്യ റ്റി (രജി.നം 140501) ഒന്നാം റാങ്ക് നേടി.

### കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ആൻഡ് പബ്ലിക് സ്പീക്കിംഗ് പരീക്ഷ

കേരള സർവകലാശാല തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രം നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ആൻഡ് പബ്ലിക് സ്പീക്കിംഗ് കോഴ്സിന്റെ പരീക്ഷകൾ ജനുവരി അഞ്ച്, ആറ്, ഏഴ് തീയതികളിൽ നടക്കും. പരീക്ഷാഫീസ് 720 രൂപ. പരീക്ഷയ്ക്ക് പിഴകൂടാതെ ഡിസംബർ 16 (50 രൂപ പിഴയോടെ ഡിസംബർ 21, 250 രൂപ പിഴയോടെ ഡിസംബർ 23) വരെ അപേക്ഷിക്കാം. പ്രോജക്ട് സമർപ്പിക്കേണ്ട അവസാന തീയതി ഡിസംബർ 20.

### കൗൺസലിംഗ് സൈക്കോളജി പരീക്ഷകൾ

കേരള സർവകലാശാല തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രം നടത്തുന്ന പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ കൗൺസലിംഗ് സൈക്കോളജി കോഴ്സിന്റെ പരീക്ഷകൾ ജനുവരി 10, 12, 16, 18, 20, 23, 24 തീയതികളിൽ പി.എം.ജിയിലെ സി.എ.സി.ഇ.ഇ ഓഫീസിൽ നടത്തും. പരീക്ഷാഫീസ് 1170 രൂപ. പരീക്ഷയ്ക്ക് പിഴകൂടാതെ ഡിസംബർ 27 (50 രൂപ പിഴയോടെ ഡിസംബർ 30, 250 രൂപ പിഴയോടെ 2017 ജനുവരി മൂന്ന്) വരെ അപേക്ഷിക്കാം. പ്രോജക്ട് സമർപ്പിക്കേണ്ട അവസാന തീയതി ഡിസംബർ 27.

### കൗൺസലിംഗ് സൈക്കോളജി ഫലം :
### കുമാരി ബിന്ദു ആർ.എസ് ഒന്നാം റാങ്ക് നേടി.

കേരള സർവകലാശാല തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രം ശ്രീകാര്യം ലയോള കോളേജ്, കൊല്ലം ടി.കെ.എം കോളേജ് എന്നിവിടങ്ങളിൽ ജൂണിൽ നടത്തിയ

പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ കൗൺസലിംഗ് സൈക്കോളജി കോഴ്സ് ഫലം പ്രസിദ്ധീകരിച്ചു. ശ്രീകാര്യം ലയോള കോളേജിലെ കുമാരി ബിന്ദു ആർ.എസ് (രജി.നം 10397) ഒന്നാം റാങ്ക് നേടി.

## യോഗ ആൻഡ് മെഡിറ്റേഷൻ ഫലം : ലക്ഷ്മി പി.വി ഒന്നാം റാങ്ക് നേടി.

കേരള സർവകലാശാല തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രം നവംബറിൽ നടത്തിയ സർട്ടിഫിക്കറ്റ് ഇൻ യോഗ ആൻഡ് മെഡിറ്റേഷൻ കോഴ്സിന്റെ ഫലം പ്രസിദ്ധീകരിച്ചു. ലക്ഷ്മി പി.വി (രജി.നം 10695) ഒന്നാം റാങ്ക് നേടി. ഫോൺ. 0471-2302523.

## സമ്പർക്കക്ലാസ് ഇല്ല

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം നടത്തുന്ന ബി.എ/ ബി.എസ്സി/ ബി.കോം/ ബി.ബി.എ സമ്പർക്കക്ലാസുകൾ ഡിസംബർ 10, 11 തീയതികളിൽ ഉണ്ടായിരിക്കുന്നതല്ല.

## എം.ഫിൽ ഫലം

കേരള സർവകലാശാല 2015-16 ബാച്ച് എം.ഫിൽ മാത്തമാറ്റിക്സ് (കാര്യവട്ടം), ഹിന്ദി (യൂണിവേഴ്സിറ്റി കോളേജ്), മ്യൂസിക് പഠനവകുപ്പ് (വഴുതക്കാട്), ഫോട്ടോണിക്സ് (കാര്യവട്ടം), മാനേജ്മെന്റ് (കാര്യവട്ടം), സുവോളജി (യൂണിവേഴ്സിറ്റി കോളേജ്), ഇസ്ലാമിക് ഹിസ്റ്ററി (യൂണിവേഴ്സിറ്റി കോളേജ്) എന്നീ പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.ടെക് ടൈംടേബിൾ

കേരള സർവകലാശാല രണ്ടാം സെമസ്റ്റർ എം.ടെക് (2013 സ്കീം - ഫുൾടൈം & പാർട്ട് ടൈം - സപ്ലിമെന്ററി), നാലാം സെമസ്റ്റർ എം.ടെക് (പാർട്ട് ടൈം - റഗുലർ & സപ്ലിമെന്ററി) പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

ഡിസംബറിൽ നടത്തുന്ന (2003 സ്കീം - മേഴ്സി ചാൻസ്, 2008 സ്കീം - സപ്ലിമെന്ററി) ഒന്നാം സെമസ്റ്റർ എം.ടെക് (ഫുൾടൈം & പാർട്ട് ടൈം), മൂന്നാം സെമസ്റ്റർ എം.ടെക് (പാർട്ട് ടൈം) പരീക്ഷകളുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.ടെക് പരീക്ഷ മാറ്റി

കേരള സർവകലാശാല ഡിസംബർ 23-ന് നടത്താനിരുന്ന ഏഴാം സെമസ്റ്റർ ബി.ടെക് (2013 സ്കീം - റഗുലർ / പാർട്ട് ടൈം) പരീക്ഷകൾ 2017 ജനുവരി 12-ലേക്ക് മാറ്റി.

**സർവകലാശാല മന്ദിരം,**
തിരുവനന്തപുരം.
09.12.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ